<u>അനുബന്ധം</u>
P. 09-10-2025
VV-AN (1)
10.32-10.40

<u>ചങ്ങനാശ്ശേരിയിൽ അഡീഷണൽ ജൂഡീഷ്യൽ ഒന്നാം ക്ലാസ് കോടതി സംബന്ധിച്ച ശ്രീ. ജോബ് മൈക്കിൾ എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടി</u>

സംസ്ഥാനത്ത് പുതിയ കോടതികൾ സ്ഥാപിക്കുന്നതിനായി പുറപ്പെടുവിച്ചിട്ടുള്ള മുൻഗണനാ പട്ടികയിൽ ചങ്ങനാശ്ശേരി, അഡീഷണൽ ജൂഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി ഉൾപ്പെട്ടിട്ടുണ്ട്. കോടതി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ചില വ്യവഹാരങ്ങളും നിലനിൽക്കുന്നുണ്ട്.

ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ.-തന്നെ വിവിധ അവസരങ്ങളിൽ ഉന്നയിച്ചിട്ടുള്ള ആവശ്യവും കേസുകളുടെ ബാഹുല്യവും കണക്കിലെടുത്ത് കോട്ടയം ജില്ലയിലെ പ്രധാന നഗരങ്ങളിലൊന്നായ ചങ്ങനാശ്ശേരിയിലും കോടതി സ്ഥാപിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

P. 09-10-2025
RA-AN (1)
10.40-10.50

പാനൂർ താലൂക്ക് ആശുപത്രിക്ക് സ്ഥലം ഏറ്റെടുക്കൽ സംബന്ധിച്ച ശ്രീ. കെ. പി. മോഹനൻ എം.എൽ.എ.-യുടെ സബ്മിഷന് ബഹു.മാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിനൽകിയ മറുപടി

പാനൂർ സാമൂഹിക ആരോഗ്യകേന്ദ്രത്തിന്റെ വികസനത്തിനായി തലശ്ശേരി താലൂക്കിലെ പാനൂർ വില്ലേജിലെ റി./സ. നമ്പർ 128/1, 128/2 എ, 128/2 ബി എന്നിവയിൽപ്പെട്ട 78.7 ആർസ് ഭൂമി 2013-RFCTLARR ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിന് 02-03-2020-ലെ സ.ഉ.(സാധാ)നം.469/2020/ആ.കു.വ. പ്രകാരം ആരോഗ്യ വകുപ്പിന്റെയും 05-08-2020-ലെ സ.ഉ. (സാധാ)നം.2517/2020/റവ പ്രകാരം റവന്യൂ വകുപ്പിന്റെയും അനുമതി ലഭ്യമായതിനെത്തുടർന്ന് ജില്ലാ കളക്ടർ 2013-ലെ RFCTLARR Act വകുപ്പ് 4(1) പ്രകാരം സാമൂഹ്യ ആഘാതപഠനം നടത്തുന്നതിനുള്ള വിജ്ഞാപനം 28-09-2020-ൽ പുറപ്പെടുവിക്കുകയുണ്ടായി.

സാമൂഹ്യ ആഘാതപഠന റിപ്പോർട്ട് പഠന ഏജൻസിയായ കെയ്റോസ് കണ്ണൂർ 19-10-2020-ന് സമർപ്പിക്കുകയും പ്രസ്തുത പഠന റിപ്പോർട്ടിന്മേൽ വിദഗ്ധ സമിതി വിലയിരുത്തൽ നടത്തി 06-11-2020-ന് വിലയിരുത്തൽ

റിപ്പോർട്ട് സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ RFCTLARR Act, 2013 വകുപ്പ് 8(2) പ്രകാരമുള്ള സമുചിത സർക്കാർ തീരുമാനം ജില്ലാ കളക്ടർ 11.11.2020-പുറപ്പെടുവിക്കുകയും ചെയ്തു. തുടർന്ന് RFCTLARR Act, 2013 വകുപ്പ് 11(1) പ്രകാരമുള്ള പ്രാഥമിക വിജ്ഞാപനം ജില്ലാ കളക്ടർ 19-11-2020-ന് പുറപ്പെടുവിച്ചു. 29-01-2021-ന് BVR അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

ആയതിനുശേഷം ഭൂഉടമയായ ശ്രീ. നൊച്ചിക്കാട്ട് മുസ്തഫ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത 242/2021 നമ്പർ റിട്ട് ഹർജിയിന്മേൽ ബഹു. കേരള ഹൈക്കോടതി തൽസ്ഥിതി തുടരുന്നതിന് ഉത്തരവായതിനെ തുടർന്ന് ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികൾ നടന്നിരുന്നില്ല. എന്നാൽ, 242/2021 നമ്പർ റിട്ട് ഹർജി തള്ളി ബഹു. കേരള ഹൈക്കോടതി 14-03-2025-ന് വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിനെതിരെ ശ്രീ. നൊച്ചിക്കാട്ട് മുസ്തഫ WA No. 1076/2025 അപ്പീൽ നൽകി എങ്കിലും ടി അപ്പീൽ കേസ് ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് തള്ളിയിരുന്നു (Judgment dated 20.05.2025).

ഇതിനെത്തുടർന്ന്, നിയമ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പാന്നൂർ സാമൂഹിക ആരോഗ്യ കേന്ദ്രത്തിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട 19(1) പ്രഖ്യാപനം 19-11-2022 മുതൽ 3 വർഷത്തേക്ക് RFCTLARR Act 2013 സെക്ഷൻ 19(7) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരമുപയോഗിച്ച് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൂടാതെ, അവാർഡിന് പരിഗണിക്കുമ്പോൾ 16-03-2021 (order of stay) മുതൽ WA 1076/2025-ലെ വിധിന്യായം പുറപ്പെടുവിച്ച തീയതിയായ 20-05-2025 വരെയുള്ള കാലയളവ് ഒഴിവാക്കണമെന്ന നിർദേശം RFCTLARR Act 2013 സെക്ഷൻ 69(1)-ന്റെ വിശദീകരണത്തിലെ വ്യവസ്ഥ പ്രകാരം ജില്ലാ കളക്ടർക്ക് നൽകിയിട്ടുമുണ്ട്.

അതേസമയം, 19(1) പ്രഖ്യാപനം പുറപ്പെടുവിക്കുന്നതിനുള്ള സമയപരിധി സർക്കാർ ദീർഘിപ്പിച്ചു നൽകിയത് യഥാസമയമല്ലെന്ന് കാണിച്ച് ഭൂവുടമയായ ശ്രീ. നൊച്ചിക്കാട്ട് മുസ്തഫ ബഹു. ഹൈക്കോടതിയിൽ വീണ്ടും WP(C)No. 32635/2025 കേസ് ഫയൽ ചെയ്തിട്ടുണ്ട്. എങ്കിലും

നിലവിൽ ഇതുസംബന്ധിച്ച് ബഹു. ഹൈക്കോടതി അന്തിമ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. (Interim Order dated 09.09.2025).

ഈ പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള DVS (വിശദ വില വിവര പട്ടിക) 04-08-2025-ന് ജില്ലാ കളക്ടർ അംഗീകരിച്ചിട്ടുണ്ട്. ആയതിനെതുടർന്ന് ഭൂഉടമയ്ക്ക് നൽകേണ്ട നഷ്ടപരിഹാര തുക അവാർഡ് തീയതി 30-11-2025 ആയി കണക്കാക്കി അതുവരെയുള്ള പലിശ ഉൾപ്പെടെ 10,86,92,866/- രൂപ നിക്ഷേപിക്കുന്നതിന് അർത്ഥനാധികാരിയായ ജില്ലാ മെഡിക്കൽ ഓഫീസറോട് (ആരോഗ്യം) ലാൻഡ് അക്വിസിഷൻ ഓഫീസറായ സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) ജനറൽ തലശ്ശേരി ആവശ്യപ്പെട്ടിട്ടുണ്ട്. ഫണ്ട് ലാൻഡ് അക്വിസിഷൻ ഓഫീസറുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്ന മുറയ്ക്ക് RFCTLARR Act വകുപ്പ് 19(1) പ്രകാരമുള്ള പ്രഖ്യാപനം പുറപ്പെടുവിക്കാൻ സാധിക്കുന്നതും തുടർന്ന് RFCTLARR Act-ലെ വകുപ്പ് 21(1) പ്രകാരം അറിയിപ്പ് നൽകി ഒരു മാസത്തെ സമയപരിധിയ്ക്കുശേഷം രേഖകൾ പരിശോധിച്ച് അവാർഡ് പാസ്സാക്കാൻ സാധിക്കുന്നതുമാണ്.

## വനം വകുപ്പിന്റെ ഭൂമി സർക്കാർ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് സംബന്ധിച്ച ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിനൽകിയ മറുപടി

എരുമേലി തെക്ക് വില്ലേജിൽ ബ്ലോക്ക് നമ്പർ 27 ൽ റീസർവെ 12(1) ൽപ്പെട്ട 1.8250 ഹെക്ടർ സ്ഥലം (നാലര ഏക്കറിൽ അധികം) സർക്കാർ പുറമ്പോക്ക് ഭൂമി, നിലവിൽ വനം വകുപ്പ് കൈവശത്തിൽ വച്ചിട്ടുള്ളത് തിരികെ എടുത്ത് സർക്കാർ ആവശ്യങ്ങൾക്ക് ഉപയുക്തമാക്കണമെന്ന ബഹു. അംഗത്തിന്റെ ആവശ്യം സ്വാഗതാർഹമാണ്.

എരുമേലി ടൗണിന് സമീപം എരുമേലി മുണ്ടക്കയം സംസ്ഥാന പാതയോട് ചേർന്ന് എരുമേലി തെക്ക് വില്ലേജിൽ ബ്ലോക്ക് നമ്പർ 27 റീസർവെ 12(1)-ൽപെട്ട ഏകദേശം 5 ഏക്കറോളം സർക്കാർ പുറമ്പോക്ക് ഭൂമി നിലവിൽ വനം വകുപ്പിന്റെ അധീനതയിലുള്ളതും ടി 5 ഏക്കർ വസ്തുവിൽ വനം വകുപ്പിന്റെ ഒരു ക്വാർട്ടേഴ്സും ഒരു ഗാർഡ് ഓഫീസും സ്ഥിതി ചെയ്യുന്നതുമാണ്. ബാക്കി മുഴുവൻ ഭാഗങ്ങളും കാടുപിടിച്ച അവസ്ഥയിലുമാണ്.

എരുമേലി തെക്ക് വില്ലേജിൽ ബ്ലോക്ക് 27-ൽ റീസർവെ 12/1-ൽപ്പെട്ട 1.820 ഹെക്ടർ സ്ഥലം വില്ലേജ് രേഖകൾ (റെലിസ്) പ്രകാരം പുറമ്പോക്ക് 'ഫോറസ്റ്റ് ഗാർഡ് സ്റ്റേഷൻ' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണ്. ടി സ്ഥലത്ത് നിലവിൽ ഫോറസ്റ്റ് ഗാർഡ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്നു. എന്നാൽ ടി വസ്തുവിന്റെ ബി.റ്റി.ആർ. പകർപ്പ് എരുമേലി തെക്ക് വില്ലേജാഫീസിൽ ലഭ്യമല്ല. അതിനാൽ വസ്തുവിന്റെ ഉടമസ്ഥാവകാശം തിട്ടപ്പെടുത്തുന്നതിലേക്കായി സെൻട്രൽ സർവെ ആഫീസ്, തിരുവനന്തപുരത്തിന് കത്ത് നൽകിയിരുന്നുവെങ്കിലും ടി ആഫീസിൽ പ്രസ്തുത വസ്തുവിന്റെ ബി.റ്റി.ആർ. പകർപ്പ് ലഭ്യമല്ലെന്ന് അറിയിച്ചിട്ടുള്ളതാണ്. ടി വസ്തുവിന്മേൽ വനം വകുപ്പിന് ഉടമസ്ഥാവകാശം ഉണ്ടോ എന്നത് സംബന്ധിച്ച് എരുമേലി റേഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് ജില്ലാ കളക്ടറുടെ കാര്യാലയത്തിൽനിന്നും കത്ത് നൽകിയിട്ടുള്ളതാണ്.

പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം നിർണ്ണയിക്കുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടറുടെ കാര്യാലയം മുഖേന നടന്നുവരുന്നതിനാൽ ആയത് പൂർത്തീകരിച്ചതിനുശേഷം മാത്രമേ എരുമേലി തെക്ക് വില്ലേജിൽ ബ്ലോക്ക് നമ്പർ 27-ൽ റീസർവെ 12/1-ൽപ്പെട്ട ഭൂമി വനം വകുപ്പിന്റെ

കൈവശത്തിൽനിന്നും തിരികെ ഏറ്റെടുത്ത് സർക്കാർ ആവശ്യങ്ങൾക്കായി ഉപയുക്തമാക്കുന്ന വിഷയത്തിൽ തീരുമാനമെടുക്കുവാൻ സാധിക്കുകയുള്ളൂ.

ബഹു. എം.എൽ.എ. ചൂണ്ടിക്കാണിച്ചിട്ടുള്ള വസ്തുതകളുടെ പ്രാധാന്യം കണക്കിലെടുത്ത് ഈ വിഷയത്തിൽ ജില്ലാ കളക്ടറുടെ തുടർറിപ്പോർട്ട് ലഭ്യമാക്കി ആവശ്യമെങ്കിൽ ബഹു. വനം വകുപ്പുമന്ത്രിയുടെയും ബഹു. അംഗത്തിന്റെയും സാന്നിധ്യത്തിൽ ഒരു യോഗം ചേർന്നുകൊണ്ട് സമയബന്ധിതമായി തുടർനടപടി കൈക്കൊള്ളുന്നതാണ്.

## സിവിൽ കരാറുകാർ വയറിങ് ജോലി ചെയ്യുന്നത് സംബന്ധിച്ച ശ്രീ. കെ. പ്രേംകുമാർ എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി നൽകിയ മറുപടി

വൈദ്യുതി കണക്ഷനുകൾക്കായി ഉപഭോക്താവ് അപേക്ഷ സമർപ്പിക്കുമ്പോഴോ മറ്റു വിവിധ ആവശ്യങ്ങൾക്കായി അപേക്ഷ സമർപ്പിക്കുമ്പോഴോ, പ്രവൃത്തി ചെയ്ത/ ഉത്തരവാദിയായ കരാറുകാരന് കേരള സംസ്ഥാന വൈദ്യുതി ലൈസൻസിങ് ബോർഡ് നിയമങ്ങൾ പ്രകാരം ഉചിതമായ ഗ്രേഡിന്റെ സാധുവായ ലൈസൻസ് ഉണ്ടായിരിക്കണമെന്ന് കെ.എസ്.ഇ.ബി.എൽ. ആവശ്യപ്പെടുന്നു.

ജോലിയുമായി ബന്ധപ്പെട്ട സൂപ്പർവൈസർക്കോ വയർമാനോ ആവശ്യമായ പെർമിറ്റുകൾ/സർട്ടിഫിക്കറ്റുകൾ ഉണ്ടോയെന്ന് കെ.എസ്.ഇ.ബി.എൽ. പരിശോധിക്കുന്നു. ഉയർന്ന വോൾട്ടേജ്/മീഡിയം വോൾട്ടേജ്, ഉയരമുള്ള കെട്ടിടങ്ങൾ, ഉയർന്ന ലോഡ് അല്ലെങ്കിൽ പ്രത്യേക ഇൻസ്റ്റലേഷനുകൾ എന്നിവയ്ക്ക് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ ഡിസൈൻ സ്കീം, വിശദമായ ഡ്രോയിംഗുകൾ. ലോഡ് കണക്കുകൂട്ടലുകൾ, സുരക്ഷാ വ്യവസ്ഥകൾ എന്നിവയുടെ മുൻകൂർ അനുമതി നിർബന്ധമാക്കുന്നു. ഈ അംഗീകാരങ്ങളില്ലാതെ ഒരു കണക്ഷനും അനുവദനീയമല്ല.

സിവിൽ കരാറുകാർക്ക് ഇലക്ട്രിക്കൽ ജോലികൾ ഉൾപ്പെടെയുള്ള കരാർ ഏറ്റെടുക്കുന്നതിൽ തടസ്സമില്ല. എന്നാൽ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിങ് ടു സേഫ്റ്റി ആൻഡ് ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ് 2023-ലെ റെഗുലേഷൻ 31 പ്രകാരം സംസ്ഥാന സർക്കാർ നൽകിയ ഇലക്ട്രിക്കൽ കോൺട്രാക്ട് ലൈസൻസുള്ള ആളുടെ കീഴിൽ സംസ്ഥാന സർക്കാർ നൽകിയ കോമ്പിറ്റൻസി സർട്ടിഫിക്കറ്റുള്ള സൂപ്പർവൈസറി പെർമിറ്റുള്ള വ്യക്തിയുടെ മേൽനോട്ടത്തിൽ മാത്രമേ ഇലക്ട്രിക്കൽ ജോലികൾ ചെയ്യാൻ പാടുള്ളൂവെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

"The Electricity Act 2003-91 Section 161 പ്രകാരം ഷോർട്ട് സർക്യൂട്ട് ഉൾപ്പെടെയുള്ള വൈദ്യുതിമൂലമുണ്ടാകുന്ന എല്ലാ അപകടങ്ങളും ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. The Kerala Electricity (Intimation of Accidents) Rules, 2005-ലെ rule (3) പ്രകാരം വകുപ്പിനെ അറിയിക്കുന്ന എല്ലാ വൈദ്യുതി അപകടങ്ങളും അന്വേഷണം നടത്തി റിപ്പോർട്ട് തയ്യാറാക്കി ഉചിത തുടർനടപടികൾ സ്വീകരിക്കുന്നുണ്ട്.

## കൊല്ലം വികസന അതോറിറ്റിയെ കോർപ്പറേഷനിൽ ലയിപ്പിച്ച നടപടി സംബന്ധിച്ച ശ്രീ. എം. നൗഷാദ്, എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടി

കൊല്ലം വികസന അതോറിറ്റി കൊല്ലം കോർപ്പറേഷനിൽ കൂട്ടിച്ചേർത്ത അവസരത്തിൽ കൈമാറിക്കിട്ടിയ ഭവനനിർമ്മാണ വായ്പാ ഫയലുകളിൽ വികസന അതോറിറ്റിതന്നെ റവന്യൂ റിക്കവറി നടപടി നിർദേശിച്ചിരുന്ന ഫയലുകളും വായ്പക്കാർ തിരിച്ചടവിൽ കുടിശ്ശിക വരുത്തിയതും എന്നാൽ റവന്യൂ റിക്കവറി നടപടിക്ക് നിർദേശിക്കപ്പെടാത്തതുമായ ഫയലുകളുമാണ് ഉൾപ്പെട്ടിട്ടുള്ളത്. റവന്യൂ റിക്കവറി നിർദേശിക്കപ്പെട്ടവരുടെ വായ്പാ കുടിശ്ശിക തുക പൂർണമായും അടച്ചുതീർക്കുന്ന മുറയ്ക്ക് വായ്പ തീർപ്പാക്കി അസൽ പ്രമാണരേഖകൾ വായ്പക്കാർക്ക് തിരിച്ചുനൽകുന്ന നടപടിയാണ് സ്വീകരിച്ചുവരുന്നത്. കൂടാതെ റവന്യൂ റിക്കവറി നടപടിക്ക് നിർദേശിക്കപ്പെടാത്ത ഫയലുകളുടെ ബന്ധപ്പെട്ട കുടിശ്ശികത്തുക വായ്പക്കാർ കൊല്ലം കോർപ്പറേഷൻ ഓഫീസിൽ നേരിട്ട് അടച്ച് പ്രമാണരേഖകൾ കൈപ്പറ്റിവരുന്നുണ്ട്. വായ്പാ കുടിശ്ശിക തുക പൂർണമായും ഒടുക്കിയ വായ്പക്കാർക്ക് അസൽ പ്രമാണ രേഖകൾ യഥാസമയം തിരികെ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ കൊല്ലം വികസന അതോറിറ്റിയിൽനിന്നും ഭവന വായ്പ എടുത്ത 54 പേരുടെ വായ്പയുടെ പലിശ ഒഴിവാക്കി, മുതൽ മാത്രം ഈടാക്കി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി തിരിച്ചടയ്ക്കുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്ന് കൊല്ലം കോർപ്പറേഷൻ തീരുമാനമെടുത്ത് സർക്കാരിന്റെ പരിഗണനയ്ക്കായി ലഭ്യമാക്കിയിരുന്നു. അതിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതിലേയ്ക്ക് അധിക വിവരങ്ങൾ ലഭ്യമാക്കാൻ കൊല്ലം കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## കേന്ദ്ര കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി സംബന്ധിച്ച ശ്രീ. എ. പ്രഭാകരൻ, എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി നൽകിയ മറുപടി

കേന്ദ്ര സംസ്ഥാന കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി 2023 ഖാരിഫ് സീസൺ മുതൽ പരിഷ്കരിച്ച നടപ്പിലാക്കി വരുന്നു. തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, നെല്ല്, കാപ്പി, ഇഞ്ചി, തേയില, കശുമാവ്, മരച്ചീനി ഉൾപ്പെടെയുള്ള 27 വിളകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വിജ്ഞാപനം ചെയ്ത കാലാവസ്ഥ കേന്ദ്രങ്ങളിലെ കാലാവസ്ഥാ ഡാറ്റാ പ്രകാരമാണ് കർഷകർക്കുള്ള ക്ലെയിം ഇൻഷ്വറൻസ് കമ്പനി തയ്യാറാക്കുന്നത്. നെൽകൃഷിക്ക് ഇൻഷ്വറൻസ് തുകയുടെ 1.5% (റാബി 1, 2) മുതൽ 2% (ഖാരിഫ്) വരെ ആണ് കർഷക പ്രീമിയം. 80,000/- രൂപയാണ് ഇൻഷ്വർ തുക. ഇൻഷ്വർ തുകയുടെ 25%, 20%, 9% എന്നിങ്ങനെയാണ് ഖാരിഫ്, റാബി 1, 2 പ്രീമിയം നിരക്കുകൾ. കർഷകർ അടയ്ക്കേണ്ട പ്രീമിയം തുകയ്ക്ക് ഉപരിയായ തുക പ്രീമിയം സബ്സിഡിയായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ തുല്യമായി വഹിക്കുന്നു. കാർഷിക ലോൺ എടുത്ത കർഷകർ അതാത് ബാങ്ക് മുഖേനയും ലോൺ ഇല്ലാത്ത കർഷകർ

കോമൺ സർവ്വീസ് സെന്റർ, അക്ഷയ കേന്ദ്രങ്ങൾ വഴിയും ആണ് പദ്ധതിയിൽ ചേരുന്നത്.

പരിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഖാരിഫ് (വിരിപ്പ്) സീസണിന്റെ ഇൻഷ്വറൻസ് കവറേജ് പാലക്കാട് ജില്ലയിൽ ജൂലൈ മുതൽ ഒക്ടോബർ വരെയാണ്. പദ്ധതിയിൽ ചേരാനുള്ള അവസാന തീയതി ജൂൺ 30 ആണ്. രണ്ടാം വിളയായ റാബി (1)-ന്റെ ഇൻഷ്വറൻസ് കവറേജ് കാലാവധി സെപ്റ്റംബർ 15 മുതൽ ജനുവരി 15 വരെയും പദ്ധതിയിൽ ചേരാനുള്ള അവസാന തീയതി സെപ്റ്റംബർ 30 വരെയുമാണ്. റാബി (2) പുഞ്ച സീസണിന്റെ കവറേജ് കാലാവധി ജനുവരി മുതൽ ഏപ്രിൽ വരെയാണ്. പദ്ധതിയിൽ ചേരാനുള്ള അവസാന തീയതി ഡിസംബർ 31 ആണ്. എന്നാൽ കാലാവസ്ഥാ വ്യതിയാനംമൂലം പാലക്കാട് ജില്ലയിൽ റാബി (1) സീസണിൽ കർഷകർ വിളയിറക്കുന്നത് ഒക്ടോബർ രണ്ടാം വാരം മുതലാണ്. ദീർഘകാല നെല്ലിനങ്ങൾ കൃഷി ചെയ്യുന്നതിനാൽ വിളവെടുപ്പ് മാർച്ച് വരെ നീളുന്ന സാഹചര്യമാണ് നിലവിലുള്ളത്. അതിനാൽ റാബി (1) സീസണിലെ ഇൻഷ്വറൻസ് പരിരക്ഷ കർഷകർക്ക് പൂർണ്ണമായും ലഭ്യമാകാത്ത സാഹചര്യം നിലവിലുണ്ട്. ഇൻഷ്വറൻസ് കമ്പനിയുമായി

ഏർപ്പെട്ടിരിക്കുന്ന കരാറും ടേംഷീറ്റും പരിഷ്കരിച്ചാൽ മാത്രമേ പ്രശ്നപരിഹാരം സാധ്യമാകൂ. ഇതിനായി കേന്ദ്ര സർക്കാരിന്റെ ഇൻഷ്വറൻസ് പോർട്ടലിൽ മാറ്റം വരുത്തേണ്ടതുണ്ട്. ഇക്കാര്യം വ്യക്തമാക്കി കേന്ദ്ര സർക്കാരിനും നടത്തിപ്പ് ഏജൻസിയായ അഗ്രിക്കൾച്ചർ ഇൻഷ്വറൻസ് കമ്പനിക്കും കത്ത് നൽകിയിട്ടുണ്ട്. കൂടാതെ കാലാവസ്ഥാധിഷ്ഠിത ഇൻഷ്വറൻസ് സംബന്ധിച്ച പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പദ്ധതി കൂടുതൽ കർഷക സൗഹൃദമാക്കുന്നതിനും ബന്ധപ്പെട്ടവർ ഉൾപ്പെടുന്ന ഒരു ശില്പശാല 15-10-2025-ന് സംഘടിപ്പിക്കുന്നുണ്ട്. ശില്പശാലയിൽ ഉരുത്തിരിഞ്ഞ് വരുന്ന തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ നിബന്ധനകൾ പരിഷ്കരിച്ച് പദ്ധതി കൂടുതൽ കർഷക സൗഹൃദമാക്കുന്നതാണ്.

## മൂല്യവർധിത ഉൽപന്നങ്ങൾ സംബന്ധിച്ച ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി നൽകിയ മറുപടി

കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി മേഖല നാളികേര കൃഷിക്ക് പ്രശസ്തിയാർജ്ജിച്ചിട്ടുള്ളതാണ്. ഗുണമേന്മയുള്ള തെങ്ങിൻതൈ ഉൽപാദനത്തിനായി കുറ്റ്യാടി മേഖലയിൽ നിന്നാണ് കൃഷി വകുപ്പ് വിത്ത് തേങ്ങ സംഭരിച്ച് വരുന്നത്. 2016-17 മുതൽ 59.85 ലക്ഷം വിത്ത് തേങ്ങകളാണ് ഇവിടെനിന്നും ശേഖരിച്ചിട്ടുള്ളത്. നാളികേര ഉൽപന്നങ്ങൾക്ക് മികച്ച വില ലഭിക്കുന്നതിനായി കുറ്റ്യാടി തേങ്ങയ്ക്ക് ഭൗമസൂചിക പദവി ലഭിക്കുന്നതിനുള്ള നടപടികൾ കാർഷിക സർവകലാശാല ആരംഭിച്ചിട്ടുണ്ട്. ഇതിനായി കാവിലുംപാറ ഗ്രാമപഞ്ചായത്തുമായി ചേർന്ന് സർവകലാശാല ധാരണാ പത്രം ഒപ്പുവച്ചു. കുറ്റ്യാടി ഇനം തെങ്ങ് വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നത് സംബന്ധിച്ച കൃത്യമായ വിസ്തീർണ്ണം നിർണ്ണയിക്കേണ്ടത് ആവശ്യമാണ്. ഇതിനായുള്ള സർവെ ആരംഭിക്കുകയും ഭൂമിശാസ്ത്രപരമായ അതിരുകൾ

നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സർവെ പൂർത്തിയാക്കി നാളികേര കർഷകരെ ഉൾപ്പെടുത്തി കർഷക ഉൽപാദക സംഘടന രൂപീകരിച്ചശേഷം കാർഷിക സർവകലാശാല മുഖേന ചെന്നൈയിലുള്ള Geographical Indications Registry, Intellectual Property Office എന്ന ഏജൻസിക്ക് ഭൗമസൂചിക പദവി ലഭിക്കുന്നതിനുള്ള അപേക്ഷ കൈമാറുന്നതാണ്.

കോഴിക്കോട് ജില്ലയിലെ വടകരയിൽ അത്രും സമീപപ്രദേശങ്ങളിലുമായി കാണപ്പെടുന്ന തനതായ മാവിനമാണ് ഒളോർ. തനതായ സ്വാദും സുഗന്ധവുംമൂലം പ്രസിദ്ധിയാർജ്ജിച്ച അത്രൂർ ഒളോർ മാങ്ങക്കും ഭൗമ സൂചിക പദവി ലഭിക്കുന്നതിനുള്ള പഠനങ്ങൾ കാർഷിക സർവകലാശാല പൂർത്തീകരിച്ചിട്ടുണ്ട്. ഒളോർ മാവ് കൃഷി ചെയ്യുന്ന കർഷകരെ ഉൾപ്പെടുത്തി സൊസൈറ്റി രൂപീകരിച്ച് രജിസ്ട്രേഷൻ നടപടികൾ നടന്നു വരുന്നു. ഭൗമ സൂചിക പദവി ലഭിക്കുന്നതിനുള്ള നടപടികൾ പുറമേരി ഗ്രാമപഞ്ചായത്താണ് സ്വീകരിച്ചിട്ടുള്ളത്. സൊസൈറ്റി രൂപീകരണം

പൂർത്തീകരിച്ചശേഷം കാർഷിക സർവകലാശാല മുഖേന ചെന്നൈയിലുള്ള Geographical Indications Registry, Intellectual Property Office എന്ന ഏജൻസിക്ക് ഭൗമ സൂചിക പദവി ലഭിക്കുന്നതിനുള്ള അപേക്ഷ കൈമാറുന്നതാണ്.

തേങ്ങയുടെ മൂല്യവർധിത ഉൽപന്നങ്ങളുടെ ഉൽപാദനത്തിനായി വടകര കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയും കുന്നമ്മൽ, തൂണേരി ബ്ലോക്ക് ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനും പ്രവർത്തിച്ചു വരുന്നുണ്ട്. ഇത്തരം ചെറുകിട കർഷക കൂട്ടായ്മകൾ, പൊതുവെ വെളിച്ചെണ്ണ ഉൽപാദനത്തിലാണ് ശ്രദ്ധ ചെലുത്തുന്നത്. എന്നാൽ, വിപുലവും സമഗ്രവുമായ നാളികേര അധിഷ്ഠിത സംസ്കരണ സംവിധാനം കേരഫെഡും, നാളികേര വികസന കോർപ്പറേഷനേയും ഉൾപ്പെടുത്തി നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. മൂല്യ വർധിത ഉൽപന്നങ്ങൾക്ക് മികച്ച പാക്കിങ്ങ് നൽകുന്നതിന് മുംബൈ ആസ്ഥാനമായുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിങ്ങ് മുഖേന പരിശീലനം നൽകിയിട്ടുണ്ട്. കർഷകർ/ കർഷക കൂട്ടായ്മകളുടെ മൂല്യ വർധിത

ഉൽപന്നങ്ങൾക്ക് രാജ്യ വ്യാപക വിപണി കണ്ടെത്തുന്നതിന് സഹായകരമായ കേരളഗ്രോ ബ്രാൻഡിങ്ങ് കൃഷി വകുപ്പ് നൽകി വരുന്നു. ഗുണമേന്മ സർട്ടിഫിക്കേഷൻ മെച്ചപ്പെട്ട പാക്കിങ്ങ് എന്നിവ ഉറപ്പാക്കി നാളികേര ഉൽപന്നങ്ങളും ഒളോർ മാങ്ങ ഉൽപന്നങ്ങളും APEDA-യുടെ സഹായത്തോടെ വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നതിന് ആവശ്യമായ സഹായങ്ങൾ സ്മോൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം മുഖേന കർഷക ഗ്രൂപ്പുകൾക്ക് നൽകുന്നതും ഗുണമേന്മ സംബന്ധിച്ച വിഷയങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതുമാണ്. ഈ മേഖലയിലെ മൂല്യവർധിത ഉൽപന്നങ്ങളുടെ വിപണനവും കയറ്റുമതിയും കാബ്കോയുമായി ബന്ധിപ്പിക്കുന്ന കാര്യവും പരിശോധിക്കുന്നതാണ്.

P-09-10-2025
10.50-11.00
RM/AN

ഡേ കെയർ സെന്റർ, ഷോർട്ട് സ്റ്റേ ഹോം എന്നിവ സാധ്യമാക്കൽ സംബന്ധിച്ച ശ്രീ. വി. കെ. പ്രശാന്ത്, എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി നൽകിയ മറുപടി

ഓട്ടിസം, സെറിബ്രൽ പാൾസി തുടങ്ങിയ പ്രശ്നങ്ങൾ നേരിടുന്ന ഭിന്നശേഷിക്കാരും അവരുടെ രക്ഷിതാക്കളും അനുഭവിക്കുന്ന വിവിധ പ്രശ്നങ്ങൾ ഏറ്റവും അനുഭാവപൂർവം പരിഗണിക്കുക എന്നതാണ് സർക്കാർ നയം. ഭിന്നശേഷിയുള്ളവർ നമ്മുടെ സമൂഹത്തിലെ ഏറ്റവും അധികം കരുതലും പിന്തുണയും ആവശ്യമുള്ള വിഭാഗമാണ്. ഭൂരിപക്ഷംപേരും പൂർണ്ണമായും മറ്റുള്ളവരുടെ സഹായവും ശുശ്രൂഷയും ആശ്രയിച്ച് ജീവിതം നയിക്കേണ്ടി വരുന്നവരാണ്. ഇവരെ പരിചരിക്കുന്ന രക്ഷിതാക്കളും കുടുംബങ്ങളും ദൈനംദിന ജീവിതത്തിൽ വളരെ വലിയ മാനസിക-ശാരീരിക-സാമൂഹിക സമ്മർദ്ദം അനുഭവിക്കുന്നവരാണ്. ഒരു കുട്ടി ഭിന്നശേഷിക്കാരനായി ജനിക്കുന്നതോടെ കുടുംബത്തിന്റെ ജീവിതരീതികൾ തന്നെ തകിടം മറിയുന്ന സ്ഥിതിവിശേഷമാണ് സംജാതമാകുന്നത്.

ഭിന്നശേഷിക്കാരായ ഒരാളെ പരിചരിക്കുന്ന രക്ഷിതാക്കൾക്ക് തങ്ങളുടെ ചികിത്സക്കോ സാമൂഹിക ഒത്തുചേരലുകൾക്കോ മറ്റ് നിർബന്ധിത ആവശ്യങ്ങൾക്കോ സമയം കണ്ടെത്താൻ സാധിക്കാത്തത് വളരെ സങ്കീർണ്ണമായ ഒരു പ്രതിസന്ധിയാണ്. കൂടാതെ ഭിന്നശേഷിയുള്ള വ്യക്തികളെ ദൈനംദിനം പരിചരിക്കുന്ന രക്ഷിതാക്കളുടെ മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിനാവശ്യമായ പിന്തുണ നൽകേണ്ടതും അനിവാര്യമായി കാണുന്നു. ഓട്ടിസം, ബൗദ്ധിക ഭിന്നശേഷിത്വം എന്നിവയിലുള്ള വ്യക്തികളും കിടപ്പുരോഗികളായ ഭിന്നശേഷിക്കാരും ഉള്ള കുടുംബങ്ങളിലെ പരിചാരകർക്ക് മേൽപറഞ്ഞ സേവനങ്ങൾ കൂടുതലായി ആവശ്യമാകുന്നതാണ്.

ആയതിന് പരിഹാരമായി മേൽപ്പറഞ്ഞ വിഭാഗക്കാർക്കായുള്ള താൽക്കാലിക സംരക്ഷണ ഭവനങ്ങൾ സർക്കാരിന്റെ നിയന്ത്രണത്തിൽ ആരംഭിക്കുന്നതാവശ്യമാണെന്ന് ബോധ്യപ്പെട്ട സാഹചര്യത്തിൽ മാതാപിതാക്കളുടെ/രക്ഷിതാക്കളുടെ സംരക്ഷണം അല്ലെങ്കിൽ പരിചരണം ലഭ്യമാക്കാൻ കഴിയാത്ത അടിയന്തര സാഹചര്യങ്ങളിൽ മേൽപ്പറഞ്ഞ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന ഭിന്നശേഷിക്കാരായ വ്യക്തികളെ

സുരക്ഷിതമായി പാർപ്പിക്കുന്നതിനുള്ള താൽക്കാലിക സംരക്ഷണ കേന്ദ്രങ്ങൾ (Respite Care Home) ആരംഭിക്കുന്നതിനുള്ള പദ്ധതി തയ്യാറായി. നടപ്പുവർഷം സംസ്ഥാനത്തെ മൂന്നുജില്ലകളിൽ ഇത്തരം കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് 54,33,160/- രൂപയുടെ പ്രൊപ്പോസൽ ആണ് തയ്യാറാക്കിയിട്ടുള്ളത്. എത്രയുംവേഗം തന്നെ Respite Care Home ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കൂടാതെ സാമൂഹ്യനീതി വകുപ്പിന് കിഴിലുള്ള സ്റ്റേറ്റ് ഇൻഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് മുഖേന സ്പെക്ട്രം (SPECTRUM) എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. സ്പെക്ട്രം (SPECTRUM) പദ്ധതി മുഖേന തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, മഞ്ചേരി, കോഴിക്കോട് എന്നീ 6 സർക്കാർ മെഡിക്കൽ കോളേജുകളിലും കോഴിക്കോട് IMHANS-ലും ഓട്ടിസം സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങളിലൂടെ ഓട്ടിസം സ്ക്രീനിങ്, വിവിധ തെറാപ്പികൾ, പരിശീലനങ്ങൾ, കൗൺസിലിങ്, വൈദ്യസേവനങ്ങൾ എന്നിവ ലഭ്യമാക്കി വരുന്നു.

ബൗദ്ധിക വെല്ലുവിളി നേരിടുന്നവരുടെ സമഗ്ര വികസനത്തിനായി തൊഴിൽ പരിശീലനം, നൈപുണ്യവികസനം എന്നിവ നൽകുന്ന സന്നദ്ധ

സംഘടനകൾക്ക് സർക്കാർ സഹായം അനുവദിക്കുന്നതിനുള്ള പുതിയ പദ്ധതിയാണ് പ്രചോദനം പദ്ധതി. കേരളത്തിലെ 14 ജില്ലകളിലും ഒരു സ്ഥാപനം എന്ന രീതിയിൽ പൈലറ്റ് അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ഒരു കോടി നാൽപ്പത്തിയേഴ് ലക്ഷത്തി രണ്ടായിരത്തി മുന്നൂറ്റി അറുപത് (1,47,02,360/-) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

സാമൂഹ്യനീതി വകുപ്പിന് പുറമെ പൊതുവിദ്യാഭ്യാസ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവ മുഖേനയും ജനമേഖലയിൽ ഇടപെടൽ നടത്തുന്നുണ്ട്. ബഡ്സ് സ്കൂളുകൾ, ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകൾ, സ്പെഷ്യൽ സ്കൂളുകൾ എന്നിവ ഈ മേഖലയിൽ നിലവിലുണ്ട്. ഓട്ടിസം, സെറിബ്രൽ പാൾസി തുടങ്ങിയ നേരിടുന്ന ഭിന്നശേഷിക്കാർക്കായി നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

ഭിന്നശേഷിക്കാരുടെ സമഗ്ര പുനരധിവാസത്തിനുവേണ്ടി സംസ്ഥാനത്ത് മൂന്നു മേഖലകളിലായി സാമൂഹ്യനീതി വകുപ്പിന് കീഴിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള മൂന്നുപുനരധിവാസ വില്ലേജുകൾ

സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരം കൊല്ലം, മലപ്പുറം ജില്ലകളിൽ ഇതിനായി ഭൂമി കണ്ടെത്തിയിട്ടുണ്ട്. മലപ്പുറം ജില്ലയിൽ ബൗദ്ധിക വെല്ലുവിളി നേരിടുന്നവർക്കുള്ള അസ്സിസ്റ്റീവ് ലിവിങ് ഹോമും നിഷിന്റെ എക്സ്റ്റൻഷൻ സെന്ററുമാണ് ആരംഭിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. തിരുവനന്തപുരം ജില്ലയിൽ മാനസിക-ബൗദ്ധിക വെല്ലുവിളി നേരിടുന്ന പുരുഷന്മാരുടെ പുനരധിവാസ കേന്ദ്രവും അസിസ്റ്റീവ് ലിവിങ് ഹോമും ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ ഇത്തരം കേന്ദ്രങ്ങളിൽ ഭിന്നശേഷി വ്യക്തികൾക്കായുള്ള തെറാപ്പി സേവനങ്ങൾ, തൊഴിൽ പരിശീലനം Respite Care സേവനങ്ങൾ എന്നിവകൂടി ക്രമീകരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

## ചുമട്ട് തൊഴിലാളികളുടെ ജോലിസംരക്ഷണം സംബന്ധിച്ച ശ്രീ. ടി. പി. രാമകൃഷ്ണൻ, എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി നൽകിയ മറുപടി

കേരളത്തിലെ ചുമട്ടുതൊഴിലാളി മേഖല നാൽപതിനായിരത്തോളം വരുന്ന രജിസ്റ്റേഡ് തൊഴിലാളികളും ഒൻപതിനായിരത്തോളം വരുന്ന സ്കാറ്റേർഡ് തൊഴിലാളികളും ജോലി ചെയ്യുന്ന ഒരു മേഖലയാണ്. ടി തൊഴിലാളികളുടെയും അവരെ ആശ്രയിക്കുന്ന കുടുംബങ്ങളുടെയും ജീവനോപാധി ഈ മേഖലയിൽ തൊഴിലാളികൾക്ക് ലഭിക്കുന്ന വേതനത്തിൽ നിന്നുണ്ടാകുന്ന വരുമാനം മാത്രമാണ്. നിയമത്തിലുള്ള പഴുതുകൾ ഫലപ്രദമായി ഉപയോഗിച്ച് തങ്ങൾക്ക് അനുകൂലമായ വിധികൾ സമ്പാദിച്ച് ലാഭം മാത്രം ലക്ഷ്യമിട്ട് മതിയായ വേതനമോ മറ്റ് ആനുകൂല്യങ്ങളോ നൽകാതെ സ്വന്തംതൊഴിലാളികളെ വച്ച് വർഷങ്ങളായി ജോലി ചെയ്യുന്ന ചുമട്ടുതൊഴിലാളികളെ ടി മേഖലയിൽനിന്നും പുറന്തള്ളുന്ന ഒരു പ്രവണത വളരെ വ്യാപകമായ രീതിയിൽ വർധിച്ചു വരുന്നുണ്ട്. Krishnakumar and Ors vs Deputy Superintendent of Police 2021 (5) KHC 717 നമ്പർ കേസിൽ ഇലക്ട്രോണിക് വസ്തുക്കളായ മൊബൈൽ ഫോൺ, ടെലിവിഷൻ തുടങ്ങിയവ "fragile or delicate or sophisticated"

എന്ന വിഭാഗത്തിൽ ഉൾപ്പെടുന്നതാകയാൽ ഇവയുടെ കയറ്റിറക്കത്തിന് വൈദഗ്ധ്യമുള്ള തൊഴിലാളികളെ ആവശ്യമാണെന്ന അടിസ്ഥാനത്തിൽ തൊഴിലുടമയ്ക്ക് പോലീസ് സംരക്ഷണം അനുവദിക്കുകയും പൂൾ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുകയും ചെയ്തു. സമാന രീതിയിലുള്ള എല്ലാ കേസുകളിലും വൈദഗ്ധ്യവും പരിശീലനവും സിദ്ധിച്ചിട്ടില്ലാത്തതിനാൽ ബോർഡിന്റെ രജിസ്റ്റേഡ് പൂൾ തൊഴിലാളികൾ ഇലക്ട്രോണിക് വസ്തുക്കൾ, പാഴ്സൽ സർവ്വീസ്, കൊറിയർ സർവ്വീസ്, ഫാർമസ്യൂട്ടിക്കൽസ് എന്നിവയുടെ കയറ്റിറക്കിൽനിന്ന് മാറ്റി നിർത്തപ്പെടുകയും ചുമട്ടുതൊഴിലാളികളുടെ  തൊഴിൽ നഷ്ടപ്പെട്ടുവരികയും ചെയ്യുന്നുണ്ട്.

കാലത്തിന്റെ മാറ്റങ്ങൾക്ക് അനുസൃതമായി ചുമട്ടുതൊഴിലാളികൾ ജോലി ചെയ്തുകൊണ്ടിരുന്ന ചെറുകിട സ്ഥാപനങ്ങളിൽ നല്ലൊരു ഭാഗം അടച്ചു പൂട്ടുകയും ശേഷിക്കുന്നവ അടച്ചു പൂട്ടലിന്റെ വക്കിലുമാണ്. കച്ചവടമെല്ലാം വൻകിട സൂപ്പർമാർക്കറ്റ്, ഹൈപ്പർ മാർക്കറ്റുകൾ/വൻകിട സ്ഥാപനങ്ങൾ എന്നിവയെ കേന്ദ്രീകരിച്ച് നടക്കുന്നതിനാലാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളത്. ടി സൂപ്പർമാർക്കറ്റ്/ഹൈപ്പർ മാർക്കറ്റുകൾ/വൻകിട

സ്ഥാപനങ്ങൾ എന്നിവയെല്ലാം തന്നെ പദ്ധതി പ്രദേശത്താണ് സ്ഥിതി ചെയ്യുന്നതെങ്കിലും നിയമപ്രകാരം ബോർഡിൽ രജിസ്ട്രേഷൻ നടത്തുകയോ ബോർഡിലെ തൊഴിലാളികളെ കയറ്റിറക്കിന് നിയോഗിക്കാൻ അനുവദിക്കുകയോ ചെയ്യുന്നില്ല. നിയമത്തിലുള്ള പഴുതുമൂലം പ്രധാനമായും സൂക്ഷ്മവും നൂതനസാങ്കേതികവുമായ (delicate and sophisticated articles) വസ്തുക്കളുടെ കയറ്റിറക്ക് ചെയ്യുന്ന തൊഴിലാളികൾ ചുമട്ടുതൊഴിലാളി നിയമത്തിന്റെ പരിധിയിൽ വരില്ല എന്ന നിയമത്തിലെ വ്യവസ്ഥ ചൂണ്ടിക്കാണിച്ചാണ് തൊഴിലുടമകൾ ബഹു. കേരള ഹൈക്കോടതിയിൽ നിന്ന് വിധി സമ്പാദിച്ച് രജിസ്റ്റേഡ് ചുമട്ട് തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുത്തുന്നത്.

WP(C) 17866/2021 നമ്പർ കേസിലെ വിധിന്യായത്തിൽ ബഹു. കേരള ഹൈക്കോടതി ചുമട്ട് തൊഴിലാളികൾക്ക് വൈദഗ്ധ്യ പരിശീലനം നൽകണമെന്ന നിർദേശം നൽകിയിട്ടുണ്ട്. കൂടാതെ ചുമട്ടുതൊഴിലാളി മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ചരക്കുകൾ കയറ്റിറക്കുന്നതിന് ഫലപ്രദമായ പരിശീലനം നൽകണമെന്ന് 127-ാമത് ILO CONVENTION നിർദ്ദേശിച്ചിട്ടുള്ളതാണ്. ബഹു. കേരള

ഹൈക്കോടതി WP(C) 4739/2024 നമ്പർ കേസിൽ 09-09-2024 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ പദ്ധതി പ്രദേശത്തുള്ള ബോർഡിന്റെ രജിസ്റ്റേഡ് ചുമട്ടുതൊഴിലാളികൾക്ക് സൂക്ഷ്മവും നൂതനസാങ്കേതികവുമായ (delicate and sophisticated articles) വസ്തുക്കളുടെ കയറ്റിറക്ക് ചെയ്യുന്നതിനായി മതിയായ പരിശീലനവും പ്രാവിണ്യവും സിദ്ധിച്ചിട്ടുണ്ടെങ്കിൽ ടി തൊഴിലാളികളെ സൂക്ഷ്മവും നൂതന സാങ്കേതികവുമായ (delicate and sophisticated articles) വസ്തുക്കളുടെ കയറ്റിറക്ക് ചെയ്യുന്നതിന് നിയോഗിക്കണമെന്ന് ഉത്തരവായിട്ടുള്ളതാണ്.

ഈ സർക്കാരിന്റെ രണ്ടാം വാർഷികം പ്രമാണിച്ച് നടപ്പിലാക്കിയ നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി ചുമട്ടു തൊഴിലാളി ബോർഡ് ആവിഷ്കരിച്ച് നടപ്പിലാക്കിയ 'നവശക്തി' എന്ന പദ്ധതിയിലൂടെ യന്ത്രസാമഗ്രികൾ ഉൾപ്പെടെ ഉപയോഗിച്ച് ചരക്കുകൾ കൈകാര്യം ചെയ്യുന്നതിന് 150-ഓളം ചുമട്ടുതൊഴിലാളികൾക്ക് ശാസ്ത്രീയമായ പരിശീലനം നൽകുകയും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുള്ളതാണ്. സംസ്ഥാനത്തുള്ള കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്കുകൾ, വ്യവസായ ശാലകൾ എന്നിവിടങ്ങളിൽ തൊഴിലാളികൾക്ക് പരിശീലനം നൽകുന്നതിലേയ്ക്കായി

തൊഴിലാളികളുടെ വിവരം ശേഖരിച്ചിട്ടുള്ളതും തനത് ഫണ്ട് ഉപയോഗിച്ച് ഇവർക്ക് ശാസ്ത്രീയമായ പരിശീലനത്തിനുള്ള ഷെഡ്യൂൾ തയ്യാറാക്കി നടപ്പിലാക്കാൻ നിശ്ചയിച്ചിട്ടുള്ളതുമാണ്.

ആയതിനാൽ ചുമട്ടു തൊഴിലാളി നിയമത്തിൽ ഭേദഗതികൾ കൊണ്ടുവന്ന് രജിസ്റ്റേഡ് തൊഴിലാളികൾക്ക് സൂക്ഷ്മവും നൂതനസാങ്കേതികവുമായ (delicate and sophisticated articles) വസ്തുക്കളുടെ കയറ്റിറക്ക് ചെയ്യുന്നതിനായി ശാസ്ത്രീയമായ രീതിയിൽ മേഖലയിലുള്ള പരിശീലനം നൽകിയും ഈ മേഖലയിലുള്ള തൊഴിലാളികളുടെ ജീവനോപാധി സംരക്ഷിക്കുന്നതിനും അത് വഴി സാമൂഹിക സുരക്ഷ ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കും.

1978-ലെ ചുമട്ടു തൊഴിലാളി നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തിയില്ലായെങ്കിൽ കാലക്രമേണ ചുമട്ടു തൊഴിൽ മേഖലയിൽനിന്നും രജിസ്റ്റേഡ് ചുമട്ടുതൊഴിലാളികൾ പൂർണ്ണമായും പുറന്തള്ളപ്പെടും. സംസ്ഥാനത്തിന്റെ വ്യവസായ സൗഹൃദ അന്തരീക്ഷത്തിനെ പ്രതികൂലമായി ബാധിക്കാത്ത തരത്തിൽ നിലവിൽ ബോർഡിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുന്നതിനാവശ്യമായ നിയമ

ഭേദഗതി വരുത്തുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

<u>കുന്ദംകുളം ജംഗ്ഷൻ, മുനിസിപ്പാലിറ്റി റിങ് റോഡ് എന്നിവയുടെ വികസനം സംബന്ധിച്ച ശ്രീ. എ. സി. മൊയ്തീൻ എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട പൊതുമരാമത്ത് - ടൂറിസം വകുപ്പ് മന്ത്രി നൽകിയ മറുപടി</u>

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കുന്നംകുളം മുനിസിപ്പാലിറ്റി റോഡ് നവീകരണം എന്ന പ്രവൃത്തിക്ക് ഭൂമിയേറ്റെടുക്കലിന് ഉൾപ്പെടെ 89.83 കോടി രൂപ അനുവദിച്ചിരുന്നു. ഈ പദ്ധതിക്കായി 45.15 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകുകയും ടെൻഡർ നടപടികൾ പൂർത്തിയാക്കി കരാർ നൽകുകയും സൈറ്റ് കൈമാറുകയും ചെയ്തിരുന്നു. എന്നാൽ ഈ സ്ട്രെച്ച് കൂടി ഉൾപ്പെട്ടുകൊണ്ടുള്ള തൃശ്ശൂർ-കുറ്റിപ്പുറം റോഡ് Rebuild Kerala initiative പദ്ധതിയിൽ വികസിപ്പിക്കുന്നതിന് അനുമതി ലഭിച്ചതോടെ ഓവർലാപ്പ് വരുന്ന ഭാഗത്തെ പ്രവൃത്തി RKI-യിൽ നിർവഹിക്കാൻ തീരുമാനിച്ചു. മറ്റ് പ്രവൃത്തികൾക്ക് ഭൂമി ഏറ്റെടുക്കൽകൂടി ആവശ്യമായി വന്നതോടെ പ്രവൃത്തി foreclose ചെയ്തു. ഇപ്പോൾ ഭൂമി ഏറ്റെടുക്കൽ നടപടികളാണ് തുടരുന്നത്. ഈ പ്രവൃത്തിയുടെ ഭാഗമായി ഭൂമി ഏറ്റെടുക്കുന്നതിന് 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിനുള്ള ആക്ഷേപങ്ങൾക്കുള്ള ഹിയറിങ് ഒക്ടോബർ 14-ന് നടത്താൻ

നിശ്ചയിച്ചിട്ടുണ്ട്. ജംഗ്ഷൻ വികസനത്തിനായുള്ള ഭൂമിയേറ്റെടുക്കൽ പ്രവൃത്തി പൂർത്തിയായാൽ മറ്റുനടപടികളിലേക്ക് കടക്കാനാകും.

കുന്നംകുളം-മുൻസിപ്പാലിറ്റി റിങ് റോഡ് പ്രവൃത്തിക്ക് കിഫ്ബിയുടെ സാമ്പത്തിക അനുമതി നൽകിയിട്ടുണ്ട്. നിലവിൽ സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു. സ്ഥലമേറ്റെടുപ്പ് നടപടികളുടെ ഭാഗമായി 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

<u>മൂന്നാറിലെ റോഡുകളുടെ വീതികൂട്ടൽ സംബന്ധിച്ച ശ്രീ. എ. രാജ, എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട പൊതുമരാമത്ത് - ടൂറിസം വകുപ്പുമന്ത്രി നൽകിയ മറുപടി</u>

കേരളത്തിന്റെ ടൂറിസം മേഖലയെ തന്നെ ഏറ്റവും പ്രധാനപ്പെട്ട റോഡുകളെ സംബന്ധിക്കുന്ന വിഷയം ആണ് സബ്മിഷനിൽ ഉന്നയിച്ചിരിക്കുന്നത്. മൂന്നാർ-ടോപ്പ് സ്റ്റേഷൻ-വട്ടവട റോഡ് മൂന്നാർ ടൗണിൽ നിന്നും ആരംഭിച്ച് വട്ടവട-കോവിലൂർ ജംഗ്ഷനിൽ അവസാനിക്കുന്നതാണ് മൂന്നാർ ടോപ്പ് സ്റ്റേഷൻ-വട്ടവട റോഡ്. ഈ റോഡ് മൂന്നാറിൽനിന്നും ടോപ്പ് സ്റ്റേഷൻ വരെ 32.15 കി.മീറ്റർ നീളമുള്ളതും 5.5 മീറ്റർ വീതിയിൽ BM&BC ടാറിങ് ഉപരിതലത്തോടുകൂടിയതുമാണ്. ഈ റോഡ് KDHP-യുടെ തേയില തോട്ടത്തിലൂടെയും മാട്ടുപ്പെട്ടി ഡാം, കുണ്ടള ഡാം, എക്കോ പോയിന്റ് എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളിലൂടെയുമാണ് കടന്നുപോകുന്നത്. തുടർന്നുള്ള 3.5 കി.മീറ്റർ ദൂരം തമിഴ്നാട് സർക്കാർ വക റോഡാണ്. ഈ ഭാഗത്താണ് ടോപ്പ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്നത്. ടോപ്പ് സ്റ്റേഷൻ ചെക്ക്പോസ്റ്റിൽ നിന്നും 7.66 കി.മീറ്റർ ദൂരത്തിൽ കോവിലൂർ ജംഗ്ഷനിൽ അവസാനിക്കുന്ന ഭാഗം കേരള പൊതുമരാമത്ത് വകുപ്പിന്റെ ആസ്തിയിൽപ്പെടുന്നതും BM&BC ടാറിങ് ഉപരിതലത്തോടുകൂടിയതുമാണ്. മൂന്നാർ-ടോപ്പ്സ്റ്റേഷൻ-വട്ടവട റോഡ്

ആകെ 39.462 കി.മീറ്റർ പൊതുമരാമത്ത് വകുപ്പിന്റെ ആസ്തിയിൽ വരുന്നതും നിലവിൽ 7 വർഷ റണ്ണിങ് കോൺട്രാക്ട് (OPBRC) കാലാവധിയിൽ 18-11-2021 തീയതി മുതൽ പൊതുമരാമത്ത് വകുപ്പ് നിരത്ത് പരിപാലന വിഭാഗം പരിപാലിച്ചുവരുന്നതുമാണ്. റോഡിന്റെ ആദ്യ 31.855 കി.മീറ്റർ ഭാഗത്ത് വീതി വർധിപ്പിക്കുന്നതിന് KDHP കമ്പനിയിൽനിന്നും സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. തുടർന്ന് വരുന്ന തമിഴ്നാടിന്റെ അധികാരപരിധിയിലുള്ള 3.500 കി.മീറ്റർ ദൂരം വീതി വർധിപ്പിക്കുന്നതിന് തമിഴ്നാട് സർക്കാരിന്റെ അനുമതിയും ആവശ്യമായിട്ടുണ്ട്. ഈ റോഡിന്റെ അവസാന 7.607 കി.മീറ്റർ വരുന്ന ടോപ്പ് സ്റ്റേഷൻ - വട്ടവട റോഡിന്റെ ആദ്യ 4.360 കി.മീറ്റർ ഷോല നാഷണൽ പാർക്കിലൂടെ കടന്നുപോകുന്നതിനാൽ ഈ ഭാഗത്ത് വീതി വർധിപ്പിക്കുന്നതിന് വനം വകുപ്പിന്റെ അനുമതിയും ബാക്കി 3.247 കി.മീറ്റർ ഭാഗത്ത് വീതി വർധിപ്പിക്കുന്നതിന് സമീപ കൈവശ ഭൂമിയിലെ സ്വകാര്യ വ്യക്തികളുടെ അനുമതിയും ആവശ്യമാണ്.

മൂന്നാർ-മറയൂർ-ചിന്നാർ റോഡ്, മൂന്നാർ ടൗണിലെ നല്ലതണ്ണി പാലത്തിൽ നിന്നും ആരംഭിച്ച് സംസ്ഥാന അതിർത്തിയായ ചിന്നാർ കടന്ന്

ഉദുമൽപേട്ടയിൽ അവസാനിക്കുന്ന അന്തർ സംസ്ഥാന പാതയാണ് മൂന്നാർ-മറയൂർ-ചിന്നാർ-ഉദുമൽപേട്ട റോഡ് (SH 17). ഈ റോഡിന്റെ മൂന്നാർ മുതൽ ചിന്നാർ വരെയുള്ള 57 കി.മീറ്റർ ദൂരം പൊതുമരാമത്ത് വകുപ്പിന്റെ ആസ്തിയിൽപ്പെട്ടതും BM&BC ടാറിങ് ഉപരിതലത്തോടു കൂടിയതും 5.5 മീറ്റർ വീതിയുള്ളതുമാണ്. ഈ റോഡിന്റെ ആദ്യ 32 കി.മീറ്റർ KDHP കമ്പനിയുടെയും തലയാർ കമ്പനിയുടെയും എസ്റ്റേറ്റിലൂടെയാണ് കടന്നു പോകുന്നത്. ഈ റോഡിന്റെ 32 കി.മീറ്റർ മുതൽ 42 കി.മീറ്റർ വരെ വനം വകുപ്പിന്റെ ചന്ദന റിസർവിലൂടെയും തുടർന്നുവരുന്ന 42 കി.മീറ്റർ മുതൽ 57 കി.മീറ്റർ വരെ വരുന്ന ഭാഗം ചിന്നാർ വന്യജീവി സങ്കേതത്തിലൂടെയുമാണ് കടന്ന് പോകുന്നത്. ഈ റോഡിന്റെ സമീപത്താണ് ഇരവികുളം നാഷണൽപാർക്കും ആനമുടി ചോലയും സ്ഥിതിചെയ്യുന്നത്. മൂന്നാർ-മറയൂർ ചിന്നാർ റോഡിന്റെ ആദ്യ 32 കി.മീറ്റർ വീതി വർധിപ്പിക്കുന്നതിന് KDHP കമ്പനിയുടെയും തലയാർ കമ്പനിയുടെയും സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. തുടർന്നുള്ള 25 കി.മീറ്റർ ദൂരം വീതി വർധിപ്പിക്കുന്നതിന് വനം വകുപ്പിന്റെ അനുമതിയും ആവശ്യമാണ്.

ഈ സാഹചര്യം ഒക്കെ ആണെങ്കിലും സഞ്ചാരികളുടെ ഏറ്റവും ഇഷ്ടപ്പെട്ട മേഖല എന്ന നിലയിൽ ആ റോഡുകൾ നവീകരിക്കപ്പെടേണ്ടത് ആണ് എന്നതാണ് പൊതുമരാമത്ത് വകുപ്പിന്റെ നിലപാട്. റോഡ് നവീകരണത്തിനായി പ്രാഥമിക ഡി.പി.ആർ. തയ്യാറാക്കുവാൻ റോഡ്സ് വിഭാഗം ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്താം. വിവിധ വകുപ്പുകളുടെ ഏകോപനം ഇതിൽ ആവശ്യമാണ്. അതിനായി യോഗം വിളിക്കുവാൻ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്താം.

## തങ്കളം-കാക്കനാട് നാലുവരിപാത സംബന്ധിച്ച ശ്രീ. ആന്റണി ജോൺ എം.എൽ.എ.-യുടെ സബ്മിഷന് ബഹു മാനപ്പെട്ട പൊതുമരാമത്ത് - ടൂറിസം വകുപ്പുമന്ത്രി

തങ്കളം-കാക്കനാട് റോഡുമായി ബന്ധപ്പെട്ടാണ് ഈ സബ്മിഷൻ. തങ്കളം-കാക്കനാട് റോഡിന്റെ നേരത്തെ തയ്യാറാക്കിയ അലൈൻമെന്റ് ഫീസിബിൾ അല്ല എന്നായിരുന്നു കിഫ്ബി നിർദേശിച്ചത്. തുടർന്ന് ഈ നാലുവരിപാതയുടെ പ്രവൃത്തിക്ക് നിലവിൽ കിഫ്ബിയിൽ നിന്നും ലഭ്യമായ പുതിയ ഡ്രാഫ്റ്റ് അലൈൻമെന്റ് തയ്യാറാക്കിയിരുന്നു. ഇതിന്റെ സാധ്യതാ പരിശോധന പൂർത്തിയാക്കി ഫീസിബിലിറ്റി റിപ്പോർട്ട് 14-08-2025-ന് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. അതിന്റെ തുടർനിർദേശം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാം.